(ബി) ഇതിനായി ആസൂത്രണ ബോർഡിൽ സെൽ രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണം നിരീക്ഷിക്കുവാനും ആവശ്യമുള്ളപ്പോൾ തുക വിനിയോഗിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) - (സി) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ പ്രത്യേക സംവിധാനങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. എന്നാൽ 5 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള എല്ലാ പ്രോജക്ടുകൾക്കും പൊതുസ്വകാര്യ പങ്കാളിത്തമടക്കമുള്ള ബഡ്ജറ്റിതര അധിക വിഭവ സമാഹരണ സാദ്ധ്യതകൾ പരിശോധിക്കുകയും അവയുടെ സാങ്കേതികവും ധനപരവുമായ പ്രായോഗികത വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണം നിരീക്ഷിക്കൽ, തുക വിനിയോഗിക്കൽ എന്നിവയൊന്നും പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ ചുമതലകളല്ല.

വികസന പ്രവർത്തനങ്ങളുടെ ശാക്തീകരണം

3 (7300) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ നേരിട്ട പ്രധാന പ്രതിബന്ധങ്ങളെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ഡി) സ്ഥലം ഏറ്റെടുപ്പുപോലുള്ള പ്രവർത്തനങ്ങൾ വികസന പദ്ധതികളെ മന്ദഗതിയിലാക്കുന്നത് തടയുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) സംസ്ഥാനത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിൽ 'പ്ലാൻ സ്പേസ്' എന്ന ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് യോഗത്തിലും സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറി നടത്തുന്ന വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിലും വികസന പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) പരിശോധിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പുമുഖേന അനുവദിച്ച തുക

4 (7301) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കോഴിക്കോട് ജില്ലയിലും പേരാമ്പ്ര മണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ പേരുവിവരവും അവ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ;

(സി) നബാർഡ് സഹായത്തോടെ എത്ര പ്രവൃത്തികൾക്ക് തുക അനുവദിച്ചു എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു,

വൻകിട പദ്ധതികൾക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ്

5 (7302) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ് ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly